## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5571      18.11.2019 ൽ മറുപടിക്ക്

## ഹീമോഫീലിയ ബാധിതർക്ക് മരുന്നുകൾ

| | ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഹീമോഫീലിയ രോഗബാധിതർക്ക് നൽകിയിരുന്ന മരുന്നുകൾ നിർത്തലാക്കിയതു കാരണം രോഗികൾ നേരിടുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | സർക്കാർ ഹീമോഫീലിയ രോഗികൾക്ക് നൽകിയിരുന്ന മരുന്നുകൾ നിർത്തലാക്കിയിട്ടില്ല. |
| (ബി) | സർക്കാർ ഹീമോഫീലിയ രോഗികൾക്ക് നൽകിയിരുന്ന മരുന്നുകൾ നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടർ ഇഞ്ചക്ഷൻ മരുന്ന് ആശുപത്രി വഴിയും ഫാർമസികൾ വഴിയും കൃത്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ; | (സി)<br>&<br>(ഇ) | സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ, സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നിലവിലുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി 06.08.2019 തീയതിയിലെ (എം.എസ്സ്) 122/2019/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്ക് 31 മാർച്ച് 2020 വരെ കോർപ്പറേഷൻ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത രോഗികൾക്കായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |
| (ഡി) | കേരളത്തിലെ വിവിധ ജില്ലകളിലെ ഹീമോഫീലിയ രോഗബാധിതരുടെ എണ്ണം ലഭ്യമാക്കുമോ; | (ഡി) | നിലവിലുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 1137 ഹീമോഫീലിയ രോഗബാധിതർക്ക് ജീവൻ രക്ഷാ മരുന്നുകൾ സൗജന്യമായി നൽകുന്നു. |

Hari

സെക്ഷൻ ഓഫീസർ